# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 115 — 28.11.2018-ൽ മറുപടിക്ക്

## ശബരിമല സന്നിധാനത്തെ പ്രതിഷേധങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുരളീധരൻ<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. വി.എസ്. ശിവകുമാർ<br>ശ്രീ. അടൂർ പ്രകാശ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ചിത്തിര ആട്ട വിശേഷത്തിന് ശബരിമല സന്നിധാനത്ത് പ്രതിഷേധങ്ങൾ ഉണ്ടാകുകയും ആർ.എസ്.എസ്., ബി.ജെ.പി. നേതാക്കൾ ക്രമസമാധാന പരിപാലനം ഏറ്റെടുക്കേണ്ട സ്ഥിതി വിശേഷം ഉണ്ടാകുകയും ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏത് സാഹചര്യത്തിലാണ് എന്ന് വ്യക്തമാക്കുമോ; | (എ) ശബരിമലയിൽ ക്രമസമാധാന ചുമതല എല്ലാ ഘട്ടത്തിലും പോലീസിന്റെ പൂർണ്ണ നിയന്ത്രണത്തിൽ തന്നെയായിരുന്നു. ശബരിമലയിൽ ചിത്തിര ആട്ട വിശേഷത്തോടനുബന്ധിച്ച് ദർശനത്തിനായി എത്തിയ 52 വയസ്സ് ഉണ്ടായിരുന്ന സ്ത്രീയെ, യുവതി എന്നാരോപിച്ച് സന്നിധാനം നടപ്പന്തലിൽ ഉണ്ടായിരുന്നവർ പെട്ടെന്ന് സംഘടിച്ച് പ്രതിഷേധിക്കുകയും, അവരെ അന്യായമായി തടഞ്ഞ് ദേഹോപദ്രവം ഏൽപ്പിക്കുകയും ടിയാളുടെ അനിയത്തിയുടെ മകൻ മൃദുൽ കുമാറിനെ മർദ്ദിച്ച് അവശനാക്കുകയും ചെയ്തു. ഇപ്രകാരം പ്രതിഷേധം ആക്രമാസക്തമായപ്പോൾ സന്നിധാനത്ത് കൂടുതൽ അനിഷ്ട സംഭവങ്ങൾ ഒഴിവാക്കുന്നതിനായി അവരിൽ ഒരാളോട് തന്റെ അനുയായികൾക്ക് നിർദ്ദേശം നൽകി പ്രതിഷേധക്കാരെ ശാന്തരാക്കുവാൻ ആവശ്യപ്പെട്ടിട്ടുള്ളതാണ്. അടിയന്തിര സാഹചര്യത്തിൽ ക്ഷേത്ര മുറ്റത്തെ |

സമാധാനാന്തരീക്ഷം നിലനിർത്തുന്നതിനും ബല പ്രയോഗവും അതുമൂലം മറ്റ് സാധാരണ ഭക്തർക്ക് ഉണ്ടാകാവുന്ന കഷ്ട നഷ്ടങ്ങൾ ഒഴിവാക്കുന്നതിനുമായാണ് പോലീസ് ഇത്തരം ഒരു നടപടി സ്വീകരിച്ചത്.

(ബി) ഭക്തരുടെ വാഹനങ്ങൾക്ക് നിലക്കലിൽ നിയന്ത്രണം ഏർപ്പെടുത്തിയും അവർ സന്നിധാനത്ത് തങ്ങുന്നതിന് സമയം നിശ്ചയിച്ചും നിയന്ത്രണം ഏർപ്പെടുത്തിയിരുന്നോ;

(ബി) ഭക്തർക്ക് സൗകര്യപ്രദമായി പോയിവരുന്നതിനുള്ള സൗകര്യം ഒരുക്കിയിരുന്നു.

(സി) തുലാമാസ പൂജക്കായി നട തുറന്നപ്പോൾ ഉണ്ടായ സംഘർഷത്തിന്റെ വെളിച്ചത്തിൽ ചിത്തിര ആട്ടവിശേഷത്തിന് പഴുതടച്ച സുരക്ഷ ഒരുക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരുന്നത്;

(സി) ശബരിമല സന്നിധാനം സമരഭൂമിയാക്കി യഥാർത്ഥ ഭക്തരെ തടഞ്ഞ് കലാപം സൃഷ്ടിക്കുന്നതിനായി ചിലർ ശ്രമിച്ചിരുന്നു. ആയതിനാൽ ഇലവുങ്കൽ മുതൽ സന്നിധാനം വരെയുള്ള പ്രദേശങ്ങളിൽ മതിയായ പോലീസ് സേനാവിന്യാസം നടത്തി സുരക്ഷ ഏർപ്പെടുത്തിയിരുന്നു.

(ഡി) പ്രത്യേക സുരക്ഷ ഒരുക്കിയിട്ടും 52 വയസ്സുള്ള ഭക്തയെ അതീവ സുരക്ഷ മേഖലയിൽ പ്രതിഷേധക്കാർ തടയുന്നതിനും അവരെ ആക്രമിക്കുന്നതിന് ക്രിമിനലുകൾ തുനിഞ്ഞതും പോലീസ് സംവിധാനത്തിന്റെ പാളിച്ചയും അവരുടെ തന്ത്രങ്ങളുടെ പരാജയത്തെയുമല്ലേ കാണിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) പോലീസ് സംവിധാനത്തിൽ പാളിച്ചകൾ സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ലളിതയെന്ന ഭക്തയെ മർദ്ദിച്ചതുമായി ബന്ധപ്പെട്ട് സന്നിധാനം പോലീസ് സ്റ്റേഷനിൽ ക്രൈം നം. 16/18 u/s 143,144,147,188,341,308,354 r/w 149 IPC ആയി കണ്ടാലറിയാവുന്ന 150 ഓളം പ്രതികൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. ടി കേസിൽ ഇതുവരെ 6 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുമുണ്ട്.

(ഇ) സംഘപരിവാർ ശക്തികൾ ശബരിമലയും സന്നിധാനവും കൈയ്യടക്കുകയും അവിടുത്തെ ശാന്തിയും സമാധാനവും ചവിട്ടിമെതിക്കുകയും ചെയ്തത് ഗൗരവമായി കണക്കിലെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

(ഇ) ശബരിമല, സന്നിധാനം എന്നിവിടങ്ങളിൽ ചുമതലപ്പെട്ട അധികാരികളല്ലാതെ മറ്റേതെങ്കിലും സംഘടനകൾ ആധിപത്യം കയ്യടക്കിയിട്ടില്ല. ഈ പ്രദേശം എല്ലാ ഘട്ടങ്ങളിലും പോലീസിന്റെ പൂർണ്ണ നിയന്ത്രണത്തിലായിരുന്നു.

**സെക്ഷൻ ഓഫീസർ**